2025 MAY
10
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പാകിസ്താന്റെ 3 വ്യോമതാവളങ്ങൾ തകർത്ത് ഇന്ത്യ

**ന്യൂഡൽഹി:** അതിർത്തിയിലെ പ്രകോപനത്തിനു തിരിച്ചടി നൽകി പാകിസ്താന്റെ മൂന്ന് വ്യോമതാവളങ്ങൾ ഇന്ത്യൻ സേന ആക്രമിച്ചു. മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ചാണ് നടപടി. പാക് വ്യോമസേനയുടെ നൂർഖാൻ (ചക്ലാല, റാവൽപിണ്ടി), മുരീദ് (ചക്വാൽ), റഫീഖി (ഝാങ് ജില്ലയിലെ ഷോർക്കോട്ട്) എന്നീ വ്യോമതാവളങ്ങൾക്കുനേരെയാണ് ഇന്ത്യൻ സൈനിക നീക്കം.

മൂന്ന് വ്യോമതാവളങ്ങളെ ഇന്ത്യ ആക്രമിച്ചതായി പാക് സൈനിക വക്താവ് ലഫ്. ജനറൽ അഹമ്മദ് ഷരീഫ് ചൗധരി സ്ഥിരീകരിച്ചു. ഇസ്ലാമാദിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിലായിരുന്നു പാക് സൈനിക മേധാവിയുടെ സ്ഥിരീകരണം.



ശനിയാഴ്ച പുലർച്ചെയാണ് സ്ഫോടനം നടത്തിയത്. പാകിസ്താന്റെ സൈനിക ആസ്ഥാനമായ റാവൽപിണ്ടിയിലടക്കം ഉഗ്ര ശബ്ദത്തോടെയാണ് സ്ഫോടനമുണ്ടായത്. പാക് തലസ്ഥാനമായ ഇസ്ലാമാബാദിൽ നിന്ന് 10 കിലോമീറ്റർ മാത്രം അകലെയാണിത് സ്ഥിതിചെയ്യുന്നത്. വ്യോമതാവളത്തിന് തീപിടിച്ചതിന്റെയടക്കം ദൃശ്യങ്ങൾ പ്രചരിക്കുന്നുണ്ട്. ഇതോടെ പാകിസ്താൻ എല്ലാ വ്യോമഗതാഗതവും നിർത്തിവെച്ചു.

പുലർച്ചെ 3.15 മുതൽ ഉച്ചയ്ക്ക് 12 വരെ പാക് വ്യോമപാത അടച്ചതായി പാക് എയർപോർട്ട് അതോറിറ്റി അറിയിച്ചു.

## എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചു: വിജയശതമാനം 99.5

**തിരുവനന്തപുരം:** എസ്എസ് എൽസി പരീക്ഷാഫലം പ്രഖ്യാപിച്ചു. 99.5 ആണ് വിജയശതമാനം. പരീക്ഷയെഴുതിയ 4,26,697 വിദ്യാർഥികളിൽ 4,24,583 പേർ ഉപരിപഠനത്തിന് അർഹത നേടി. 61,449 പേർക്ക് എല്ലാ വിഷയത്തിലും എ പ്ലസ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിജയ ശതമാനത്തിൽ നേരിയ കുറവുണ്ട്. കഴിഞ്ഞ വർഷം 99.69 % ആയിരുന്നു വിജയ ശതമാനം.

കണ്ണൂർ ജില്ലയിലാണ് വിജയശതമാനം ഏറ്റവും കൂടുതൽ. തിരുവനന്തപുരത്താണ് ഏറ്റവും കുറവ്. പാലാ, മാവേലിക്കര വിദ്യാഭ്യാസ ജില്ലകൾ 100 ശതമാനം വിജയം നേടി. 98.28 വിജയ ശതമാനമുള്ള ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലാണ് ഏറ്റവും കുറവ് വിജയ ശതമാനം നേടിയത്. ഏറ്റവും കൂടുതൽ വിദ്യാർഥികൾ എ പ്ലസ് നേടിയത് മലപ്പുറം വിദ്യാഭ്യാസ ജില്ലയിലാണ്. 4,115 പേർ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടി. കഴിഞ്ഞ വർഷം ഇത് 4934 ആയിരുന്നു.

## പാക്കിസ്ഥാന് വായ്പ നൽകാനുള്ള ഐഎംഎഫ് നീക്കത്തിനെതിരേ ആഞ്ഞടിച്ച് ഇന്ത്യ; വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു

**ന്യൂഡൽഹി:** പാക്കിസ്ഥാന് വായ്പ നൽകാനുള്ള അന്താരാഷ്ട്ര നാണയ നിധിയുടെ തീരുമാനത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഇന്ത്യ. പാക്കിസ്ഥാന് നൽകുന്ന പണം ഉപയോഗിക്കുന്നത് ഭീകരാക്രമണത്തിനാണെന്നും ഐഎംഎഫ് യോഗത്തിൽ ഇന്ത്യ കുറ്റപ്പെടുത്തി. ഇത് സംബന്ധിച്ച വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടു നിന്നു.

വാഷിങ്ടണിൽ ചേർന്ന യോഗത്തിലാണ് ഇന്ത്യ നിലപാടറിയിച്ചത്. പാക്കിസ്ഥാന് നൽകുന്ന പണം കൃത്യമായി വിനിയോഗിക്കപ്പെടുന്നില്ലെന്നും വലിയ അഴിമതികൾ പദ്ധതി നിർവഹണത്തിൽ നടക്കുന്നുണ്ടെന്നും ഇന്ത്യ ആരോപിച്ചു. ലഷ്കർ ഇതൊയ്ബ, ജെയ്ഷെ മുഹമ്മദ് തുടങ്ങിയ തീവ്രവാദ ഗ്രൂപ്പുകൾക്ക് പാക്കിസ്ഥാന് ലഭിക്കുന്ന തുക പരോക്ഷമായി ലഭിക്കുന്നുവെന്നും ഇന്ത്യ ആരോപിച്ചു.

## 32 വിമാനത്താവളങ്ങൾ ഈമാസം 14 വരെ പ്രവർത്തിക്കില്ല; തുർക്കി, അസർബൈജാൻ യാത്രാ ടിക്കറ്റുകൾ വിലക്കി



**ന്യൂഡൽഹി:** താൽക്കാലികമായി അടച്ച 32 വിമാനത്താവളങ്ങൾ ഈ മാസം 14 വരെ പ്രവർത്തിക്കില്ല. ചണ്ഡിഗഡ്, ശ്രീനഗർ, അമൃത്സർ, ലുധിയാന, കുളു- മണാലി, കിഷൻഗഡ്, പട്യാല, ഷിംല, കാംഗ്ര, ഭട്ടിൻഡ, ജയ്സൽമേർ എന്നീ വിമാനത്താവളങ്ങളും വിവിധ സംസ്ഥാനങ്ങളിൽ പ്രതിരോധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വിമാനത്താവളങ്ങളും കൂട്ടത്തിലുണ്ട്.

ജമ്മു, ശ്രീനഗർ, ലേ, ജോധ്പുർ, അമൃത്!സർ, ചണ്ഡിഗഡ്, ഭുജ്, ജാംനഗർ, രാജ്കോട്ട് എന്നിവിടങ്ങളിലേക്കുള്ള എയർ ഇന്ത്യ ഫ്ലൈറ്റുകൾ 15 വരെ റദ്ദാക്കി. ഉത്തരേന്ത്യയിലെ പല ചെറുവിമാനത്താവളങ്ങളും അടച്ചതു മൂലം ഡൽഹി വിമാനത്താവളത്തിൽ തിരക്കേറി. ഡൽഹി വഴിയുള്ള 138 വിമാനസർവീസുകൾ റദ്ദാക്കി. പാക്കിസ്ഥാനെ പിന്തുണയ്ക്കുന്ന തുർക്കി, അസർബൈജാൻ എന്നിവിടങ്ങളിലേക്കുള്ള ടിക്കറ്റ് ബുക്കിങ് പല ഇന്ത്യൻ ബുക്കിങ് പ്ലാറ്റ്ഫോമുകളും നിർത്തി. ഈ രാജ്യങ്ങളിലേക്കുള്ള അനിവാര്യമല്ലാത്ത യാത്രകൾ ഒഴിവാക്കാനും ചില പ്ലാറ്റ്ഫോമുകൾ നിർദേശിച്ചിട്ടുണ്ട്.

രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളിലും ദേഹപരിശോധനയും ഐഡി പരിശോധനയും കൂടുതൽ കർശനമാക്കി. യാത്രക്കാർ 3 മണിക്കൂർ മുൻപെത്തണം. ബോർഡിങ് ഗേറ്റ് യാത്രയ്ക്ക് 75 മിനിറ്റ് മുൻപ് അടയ്ക്കും. സിഐഎസ്എഫ് പരിശോധനയ്ക്കു ശേഷം ബോർഡിങ് ഗേറ്റിനടുത്ത് എയർലൈൻ ജീവനക്കാർ വീണ്ടും പരിശോധന നടത്തും. ടെർമിനൽ കെട്ടിടങ്ങളിൽ യാത്രക്കാരല്ലാത്തവരെ വിലക്കി.



# വിളവെടുപ്പനന്തര നഷ്ടങ്ങൾ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കും: മന്ത്രി പി. പ്രസാദ്

**പൂഞ്ഞാർ:** ഫലവൃക്ഷ കൃഷിയിൽ വിളവെടുപ്പനന്തര നഷ്ടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുമെന്നു മന്ത്രി പി. പ്രസാദ്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഫലവൃക്ഷ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും പൂഞ്ഞാർ എംഎൽഎ സർവീസ് ആർമിയും ചേർന്ന് നടപ്പാക്കുന്ന ഫലസമൃദ്ധി പദ്ധതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞവർഷം 1500 കോടി രൂപയോളം വിളവെടുപ്പനന്തര നഷ്ടമുണ്ടായി എന്നാണു കണക്കാക്കുന്നത്. ശീതീകരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും മൂല്യവർധിത ഉത്പന്നങ്ങൾ സൃഷ്ടിച്ചും ഈ നഷ്ടം നികത്താൻ സാധിക്കും. എളുപ്പത്തിൽ കേടുവന്നുപോകുന്ന പാളയംകോടൻ പഴം പോലുള്ള ഫലവർഗങ്ങളിൽനിന്നു വൈൻ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ കാർഷിക സർവകലാശാല കണ്ടുപിടിച്ചിട്ടുണ്ട്.

കൃഷിക്കാർക്കും ഇതുപകരിക്കുന്ന രീതിയിൽ ലൈസൻസ് ചട്ടങ്ങളിലടക്കം മാറ്റം കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. കൃഷിരീതികൾ സ്മാർട്ടാകുന്ന സ്മാർട്ട് ഫാമിംഗിലേക്ക് മാറാനുള്ള നടപടികളാണ് സർക്കാർ ഇപ്പോൾ ചുവടുവച്ചിരിക്കുന്നത്. അതിനായി ഒരുക്കിയിട്ടുള്ള കതിർ ആപ്പ് ഉടൻ സജ്ജമാകുമെന്നും മന്ത്രി പറഞ്ഞു.

തിടനാട് പഞ്ചായത്ത് ഹാളിൽ നടന്ന സമ്മേളനത്തിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേംസാഗർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് മറിയാമ്മ ഫെർണാണ്ടസ്, തിടനാട് പഞ്ചായത്ത് പ്രസിഡൻറ് സ്കറിയ പൊട്ടനാനിയിൽ, പഞ്ചായത്ത് പ്രസിഡൻറുമാരായ ജോർജ് മാത്യു അത്യാലിൽ, രേഖാ ദാസ്, ബിജോയ് ജോസ്, ജില്ലാ പഞ്ചായത്തംഗങ്ങളായ പി.ആർ. അനുപമ, ഷോൺ ജോർജ്, ജില്ലാ കൃഷി ഓഫീസർ സിജോ ജോസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ മീന മാത്യൂ, അസിസ്റ്റൻറ് ഡയറക്ടർ അശ്വതി വിജയൻ, ഫലസമൃദ്ധി ചീഫ് കോഓർഡിനേറ്റർ ജോർജ് ജോസഫ്, ബ്ലോക്ക്പഞ്ചായത്ത് മെംബർമാർ തുടങ്ങിയവർ പ്രസംഗിച്ചു.



# മാർ അത്തനേഷ്യസ് യോഹാൻ സ്മൃതി 2025 സമാപിച്ചു

**തിരുവല്ല:** ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പ്രഥമ അധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻറെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്നുവന്ന സ്മൃതി 2025 സമാപിച്ചു. ഇന്നലെ നടന്ന കാരുണ്യ സ്മൃതി മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ ഡോ. സാമുവൽ മാർ തെയോഫിലസ് അധ്യക്ഷത വഹിച്ചു.

ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. മാർ അത്തനേഷ്യസ് സ്മൃതി സ്കോളർഷിപ്പ് പദ്ധതി മലങ്കര ക്നാനായ ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. വിധവാ ശക്തീകരണ പദ്ധതി യാക്കോബായ സഭ സുന്നഹദോസ് സെക്രട്ടറി തോമസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്തു.

ആൻറോ ആൻറണി എംപി, ജോബ് മൈക്കിൾ എംഎൽഎ, സിപിഎം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാം, പാളയം ഇമാം ഡോ. വി.പി. സുഹൈബ് മൗലവി, സാൽവേഷൻ ആർമി ടെറിട്ടോറിയൽ കമാൻഡർ കേണൽ പി. ജോൺ വില്യംസ്, സെൻറ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യ പ്രിസൈഡിങ് ബിഷപ് . ഡോ. ജോർജ് ഈപ്പൻ,സിഎസ്ഐ സഭ കൊല്ലംകൊട്ടാരക്കര ബിഷപ്പ് ഉമ്മൻ ജോർജ്, ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് തിരുവനന്തപുരം ഭദ്രാസന അധ്യക്ഷൻ മാത്യൂസ് മാർ സിൽവാനിയോസ്, സഭ പിആർഒ ഫാ. സിജോ പന്തപ്പള്ളിൽ, ഫാ. ഡോ. ഡാനിയൽ ജോൺസൺ എന്നിവർ പ്രസംഗിച്ചു.

# കർഷകരുടെ അധ്വാനത്തിന് വിലപേശി മില്ലുടമകൾ



**അമ്പലപ്പുഴ:** കർഷകരുടെ മാസങ്ങൾ നീണ്ട അധ്വാനത്തിന് വിലപേശി 27 കിലോ വരെ കിഴിവ് ആവശ്യപ്പെട്ട് മില്ലുടമകൾ. നെല്ല് നശിപ്പിക്കാനൊരുങ്ങി കർഷകർ. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് കഞ്ഞിപ്പാടം കാട്ടുകോണം, പട്ടത്താനം, അമ്പേലക്കടവ് തുടങ്ങിയ പാടശേഖരങ്ങളിൽ നിന്ന് കൊയ്തെടുത്ത കോടിക്കണക്കിനു രൂപയുടെ നെല്ലാണ് സംഭരണം തടസപ്പെട്ടതിനെത്തുടർന്ന് പാടശേഖരങ്ങളിലും റോഡരികിലുമായി കൂട്ടിയിട്ടിരിക്കുന്നത്. 15 ദിവസം മുൻപ് കൊയ്ത്ത് പൂർത്തിയാക്കിയതാണ്. ഏക്കറിന് 25,000 രൂപ വരെ ചെലവിട്ടാണ് കർഷകർ തങ്ങളുടെ അധ്വാനം വിയർപ്പാക്കിയത്. ഇതിനിടെ ഉണ്ടായ ഉപ്പുവെള്ള ഭീഷണിയെ അതിജീവിച്ചാണ് കർഷകർ സ്വർണം പണയം വച്ചും അമിത പലിശയ്ക്ക് വായ്പയെടുത്തും കൊയ്ത്ത് പൂർത്തിയാക്കിയത്.സപ്ലൈകോ ചുമതലപ്പെടുത്തിയ മില്ലുടമകളുടെ ഏജൻറുമാർ എത്തിയെങ്കിലും 23 കിലോ വരെ കിഴിവാണ് ആവശ്യപ്പെട്ടത്. പിന്നീടിത് 27 വരെയായി. ഈ കിഴിവിലും നെല്ല് നൽകാൻ കർഷകർ തയാറായെങ്കിലും പിന്നീട് നെല്ല് മോശമാണെന്നു പറഞ്ഞ് മില്ലുടമകൾ സംഭരണത്തിൽ നിന്ന് പിൻമാറി. ഇതിന് ശേഷം പാഡി ഓഫീസർ എത്തിയെങ്കിലും സംഭരണകാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുക്കുമെന്ന് പറഞ്ഞ് മടങ്ങി. ഇതോടെയാണ് കർഷകർ ദുരിതത്തിലായത്. 50 ലോഡ് നെല്ല് മഴ ഭീഷണിയിൽ കെട്ടിക്കിടക്കുകയാണ്.

കോടിക്കണക്കിനു രൂപയുടെ നെല്ല് കെട്ടിക്കിടന്നിട്ടും സംഭരണ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. കൂട്ടിയിട്ടിരിക്കുന്ന നെല്ല് പലയിടത്തും കിളിർക്കാനും തുടങ്ങി. ഇതോടെയാണ് നെല്ല് നശിപ്പിക്കാൻ കർഷകർ തീരുമാനിച്ചത്. കൃഷി ചെയ്തില്ലെങ്കിൽ ആനുകൂല്യങ്ങളൊന്നും ലഭിക്കില്ലെന്ന് ഉദ്യോഗസ്ഥർ പറഞ്ഞതിൻറെ അടിസ്ഥാനത്തിലാണ് ഇവർ മാസങ്ങൾ നീണ്ട അധ്വാനത്തിനൊടുവിൽ കൃഷി പൂർത്തിയാക്കിയത്. ഒടുവിൽ സർക്കാർ തങ്ങളെ ഉപേക്ഷിച്ചെന്നാണ് ഇവരുടെ പരാതി.

# ലൂപ്പസ് ദിനാചരണം നാളെ

**കൊച്ചി:** കേരള ആർ ത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ് ഇൻഡ്യ, ഡോ.ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നാളെ (മെയ് 11,ഞായർ) ലോക ലൂപ്പസ് ദിനാചരണം സംഘടിപ്പിക്കും. എറണാകുളം കലൂർ എം.ഇ.എസ് ഹാളിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നടക്കുന്ന സമ്മേളനം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. ഡോ. പത്മനാഭ ഷേണായി അധ്യക്ഷത വഹിക്കും.ലൂപ്പസ് സംബന്ധിച്ചുള്ള വിവിധ വിഷയങ്ങളിൽ ഡോ. ആൻസി ചാക്കോ, ഡോ. ബി.ആർ ഇന്ദു, ഡോ. കാർത്തിക് ഗണേഷ്, ഡോ. അനുരൂപാ വിജയൻ തുടങ്ങിയവർ ക്ലാസെടുക്കും. ലൂപ്പസ് രോഗമുക്തരുടെ വിവിധ കലാപരിപാടികളും ഉണ്ടാകും.

## ഇന്ത്യാ– പാക്ക് സംഘർഷാവസ്ഥ; കേരളത്തിൽ കൺട്രോൾ റൂം തുറന്നു

**കൊച്ചി:** ഇന്ത്യാ-പാക്ക് അതിർത്തിയിലെ സംഘർഷാവസ്ഥയുടെ പശ്ചാത്തലത്തിൽ അതിർത്തി സംസ്ഥാനങ്ങളിലെ കേരളീയർക്കും മലയാളി വിദ്യാർഥികൾക്കും സഹായവും വിവരങ്ങളും ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ പ്രകാരം സെക്രട്ടറിയേറ്റിലും നോർക്കയിലും കൺട്രോൾ റൂം തുറന്നു. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ല. അധികൃതർ നൽകുന്ന നിർദേശങ്ങൾ പാലിച്ച് സുരക്ഷിതരായി ഇരിക്കുക. സഹായം ആവശ്യമുള്ളപക്ഷം കൺട്രോൾ റൂം നമ്പരിൽ ബന്ധപ്പെടാം. സെക്രട്ടറിയേറ്റ് കൺട്രോൾ റൂം: 04712517500/2517600. ഫാക്സ്: 0471 2322600. ഇമെയിൽ: cdmdkerala@kerala.gov.in. നോർക്ക ഗ്ലോബൽ കോണ്ടാക്ട് സെന്റർ: 18004253939 (ടോൾ ഫ്രീ നമ്പർ ),00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ)

## മീഡിയ കലോത്സവം ഇന്ന്

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന പ്രഥമ മീഡിയ കലോത്സവം ഇന്ന് ചാവറ കൾച്ചറൽ സെന്ററിൽ നടക്കും. രാവിലെ എട്ടുമണി മുതൽ ഒൻപത് വരെയാണ് രജിസ്ട്രേഷൻ. 9.15 ന് ചലച്ചിത്ര താരം ഹരിശ്രീ അശോകൻ കലോത്സവം ഉദ്ഘാടനം ചെയ്യും. പ്രധാന വേദിയിൽ പ്രസ് ക്ലബ് അംഗങ്ങളുടെ കവിതാ പരായാണത്തോടെയാകും മത്സരം ആരംഭിക്കുക. കുടുംബാംഗങ്ങളും മത്സരത്തിൽ പങ്കെടുക്കും.

വൈകിട്ട് 5.30 ന് നടക്കുന്ന സമാപന ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ചലച്ചിത്ര താരം അനുമോൾ തുടങ്ങിയവർ പങ്കെടുക്കും.

## പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയ്ക്ക് പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും: കെസിബിസി

**കൊച്ചി:** ആഗോള കത്തോലിക്കാ സഭയുടെ 267 മത് അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ലിയോ പതിനാലാമൻ പാപ്പായുടെ പ്രവർത്തനങ്ങൾക്ക് കേരള കത്തോലിക്കാ സഭ ഭാവുകങ്ങൾ ആശംസിക്കുകയും പ്രാർഥന വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ യാഥാർത്ഥ്യ ബോധത്തോടെ ഉൾക്കൊണ്ടുകൊണ്ട് സഭയെയും സമൂഹത്തെയും നയിക്കുവാൻ പാപ്പയ്ക്ക് കഴിയട്ടെ. പരിശുദ്ധ പിതാവ് തന്റെ അഭിസംബോധന സന്ദേശത്തിൽ വ്യക്തമാക്കിയതുപോലെ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിൽ ലോകത്തെ ഒന്നിച്ചു കൂട്ടുവാനും നയിക്കുവാനും ഉള്ള സഭയുടെ ശ്രമങ്ങൾക്ക് പ്രചോദനാത്മകമായ നേതൃത്വം നൽകാൻ പാപ്പക്ക് സാധിക്കട്ടെ. തെക്കേ അമേരിക്കയിൽ ദീർഘകാലം മിഷണറിയായി ശുശ്രൂഷ ചെയ്ത പാപ്പയുടെ അനുഭവസമ്പത്ത് സാർവത്രികസഭയ്ക്കുവേണ്ടിയുള്ള തന്റെ പ്രധാനാചാര്യ ശുശ്രൂഷയിൽ പിൻബലവും മുതൽകൂട്ടുമാകട്ടെയെന്ന് ആശംസിക്കുന്നു. കേരളം സന്ദർശിക്കുകയും കേരളസഭയെ അടുത്തറിയുകയും ചെയ്തിട്ടുള്ള പാപ്പയ്ക്ക് കേരള വിശ്വാസസമൂഹത്തിന്റെ വിധേയത്വവും പ്രാർത്ഥനയും പിന്തുണയും എന്നും ഉണ്ടാകും.

## കുസാറ്റ്: ഗോപിക നിഷ ഗോപാലന് 1.3 കോടി രൂപയുടെ ഫെല്ലോഷിപ്പ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇന്റഗ്രേറ്റഡ് എംഎസ് സി ഫിസിക്സ് വകുപ്പ് പൂർവ്വവിദ്യാർത്ഥി ഗോപിക നിഷ ഗോപാലന് ജർമനിയിലെ യൂണിവേഴ്സിറ്റി ഓഫ് ഫ്രെയ്ബർഗിൽ ഡോ. ഗ്യൂസെപ്പെ സാൻസോണിന്റെ കീഴിൽ 'നോവൽ അറ്റോസെക്കന്റ് മെട്രോളജി ഫോർ ഫ്രീ ഇലക്ട്രോൺ ലേസേഴ്സ്' എന്ന വിഷയത്തിൽ ഗവേഷണം നടത്തുന്നതിനായി പ്രശസ്തമായ മേരി സ്ക്ലോഡോവ്സ്ക ക്യൂറി ഡോക്ടറൽ ഫെല്ലോഷിപ്പ് ലഭിച്ചു. ഈ ഫെല്ലോഷിപ്പ് യൂറോപ്യൻ യൂണിയന്റെ ഹൊറൈസൺ യൂറോപ്പ് റിസർച്ച് ആന്റ് ഇന്നൊവേഷൻ പദ്ധതിയുടെ ഭാഗമായ കാട്ടോ (ഝൗഅഛേ ങടഇഅ) നെറ്റ്വർക്കിന്റെ കീഴിലാണ്. 2024 ബാച്ചിലെ വിദ്യാർത്ഥിയായിരുന്ന ഗോപികയ്ക്ക് മൂന്നുവർഷത്തേക്ക് പ്രതിമാസം 3954.76 യൂറോ വീതം സ്റ്റൈപ്പെൻഡ് ലഭിക്കും. മലപ്പുറം സ്വദേശിനിയായ ഗോപിക, ഗോപാലൻ പി.യുടെയും നിഷാ കെ.പി.യുടെയും മകളാണ്.

# വൈലോപ്പിള്ളിയുടെ കൃഷ്ണാഷ്ടമി സിനിമയാകുന്നു


മലയാളത്തിന്റെ മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ജന്മദിനമാണ് മെയ് 11.1911 ന് എറണാകുളം ജില്ലയിലെ കലൂരിൽ ജനിച്ച അദ്ദേഹം മലയാളത്തിന്റെ ഇതിഹാസമായി മാറി. കുടിയൊഴിക്കൽ, മാമ്പഴം, സഹ്യന്റെ മകൻ, ഊഞ്ഞാലിൽ, കണ്ണീർപ്പാടം, ഓണപ്പാട്ടുകാർ തുടങ്ങി അനവധി മാസ്റ്റർപീസുകൾ മലയാളിക്ക് സമ്മാനിച്ച കവി ഇന്നും സാഹിത്യനഭസിലെ ശുക്രനക്ഷത്രം തന്നെയാണ്. മലയാളത്തിൽ പുതിയ കവിതകൾ അനേകം എഴുതപ്പെടുന്ന കാലത്തും വൈലോപ്പിള്ളിയുടെ കവിതകൾ വായനക്കാരുടെ ശ്രദ്ധ ആകർഷിക്കുകയും പഠനത്തിന് വിധേയമാകുകയും ചെയ്യുന്നു.1958ൽ പുറത്തിറങ്ങിയ വൈലോപ്പിള്ളിയുടെ സമാഹാരമായ കടൽക്കാക്കകളിലെ ശ്രദ്ധേയമയായ കവിത കൃഷ്ണാഷ്ടമി ഇപ്പോൾ സിനിമയാകുന്നു. ആലോകം: Range of Vision, മായുന്നു, മാറിവരയുന്നു, നിശ്വാസങ്ങളിൽ... എന്നീ സ്വതന്ത്ര പരീക്ഷണ സിനിമകൾ സംവിധാനം ചെയ്ത ഡോക്ടർ അഭിലാഷ് ബാബു ആണ് കൃഷ്ണാഷ്ടമി: വേല book of dry leavse എന്ന പേരിൽ കവിതയുടെ ആധുനികകാല സിനിമാറ്റിക് വ്യാഖ്യാനം ഒരുക്കുന്നത്.നഗരത്തിൽ അലഞ്ഞുതിരിഞ്ഞു നടന്ന ഒരു പറ്റം ആൾക്കാരുടെ ജയിൽവാസവും അവിടെ സന്തോഷവുംപൈ സ്വര്യജീവിതവും കണ്ടെത്താനുള്ള അവരുടെ ശ്രമങ്ങളും ഒടുവിൽ അവരിലേക്ക് വന്നെത്തുന്ന ദുരന്തവും ആണ് സിനിമയുടെ പ്രമേയം.സംവിധായകൻ ജിയോ ബേബി മുഖ്യ വേഷത്തിൽ എത്തുന്ന സിനിമയിൽ ഓഡിഷനിലൂടെ തിരഞ്ഞെടുക്കപ്പെട്ട പുതുമുഖങ്ങളും അണിനിരക്കുന്നു. വൈലോപ്പിള്ളിയുടെയും അഭിലാഷ് ബാബുവിന്റെയും വരികൾക്ക് ഔസേപ്പച്ചൻ ആണ് ഈണം പകരുന്നത്. പശ്ചാത്തല സംഗീതവും ഔസേപ്പച്ചന്റേതാണ്. ഔസേപ്പച്ചന് പുറമേ പി എസ് വിദ്യാധരൻ, ജയരാജ് വാര്യർ, ഇന്ദുലേഖ വാര്യർ, സ്വർണ്ണ, അമൽ ആൻറണി, ചാർളി ബഹറിൻ എന്നിവരാണ് ഗായകർ.

പരീക്ഷണ, സ്വതന്ത്ര സിനിമയുടെ നിർമ്മാണരീതികൾ പിൻതുടരുന്ന സിനിമയുടെ ഒൻപത് ഷെഡ്യൂളുകളിൽ അഞ്ചെണ്ണം പൂർത്തിയായി. ഓഗസ്റ്റ് മാസത്തോടുകൂടി സിനിമ പ്രേക്ഷകർക്ക് മുന്നിൽ എത്തിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് സംവിധായകൻ ഡോക്ടർ അഭിലാഷ് ബാബു പറഞ്ഞു.അമ്പലക്കര ഗ്ലോബൽ ഫിലിംസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണംജിതിൻ മാത്യു നിർവ്വഹിക്കുന്നു.എഡിറ്റിംഗ്, സൗണ്ട് ഡിസൈനിങ് അനു ജോർജ്ജ്,സഹസംവിധാനം അഭിജിത് ചിത്രകുമാർ, മഹേഷ് മധു,ഹരിദാസ് ഡി, പ്രോജക്ട് ഡിസൈനർ ഷാജി എ ജോൺ,പ്രൊഡക്ഷൻ ഡിസൈനർദിലീപ് ദാസ്,പ്രൊഡക്ഷൻ കൺട്രോളർജയേഷ് എൽ ആർ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ശ്രീജിത് വിശ്വനാഥൻ, മേക്കപ്പ്ബിനു സത്യൻ,കോസ്റ്റ്യൂം ഡിസൈനർ അനന്തപത്മനാഭൻ,ലൈവ് സൗണ്ട് ഋഷിപ്രിയൻ,പി ആർ ഒ എ എസ് ദിനേശ്.




# യുണൈറ്റഡ് കിങ്ഡം ഓഫ് കേരള

ഫ്രാഗ്രന്റെ നേച്ചർ ഫിലിംസ്, പൂയപ്പള്ളി ഫിലിംസ് എന്നീ ബാനറുകളിൽ ആൻ ,സജീവ്, അലക്സാണ്ടർ മാത്യു എന്നിവർ നിർമ്മിച്ച് അരുൺ വൈഗ സംവിധാനം ചെയ്യുന്ന യുണൈറ്റഡ് കിങ്ഡം ഓഫ് കേരള എന്ന ചിത്രത്തിന്റെ വീഡിയോ ഗാനം റിലീസായി.ശബരീഷ് വർമ്മ,അരുൺ വൈഗ എന്നിവർ എഴുതിയ വരികൾക്ക് രാജേഷ് മുരുകേശൻ സംഗീതം പകർന്ന് കെ എസ് ഹരിശങ്കർ ആലപിച്ച നീ എന്നിൽ..... എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്. ഉപചാരപൂർവ്വം ഗുണ്ട ജയൻ എന്ന ചിത്രത്തിനു ശേഷം രഞ്ജിത്ത് സജീവ്,സാരംഗി ശ്യാം എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ വൈഗ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള എന്ന ചിത്രത്തിൽ ജോണി ആന്റണി, ഇന്ദ്രൻസ്, മനോജ് കെ ജയൻ, ഡോക്ടർ റോണി,മനോജ് കെ യു, സംഗീത, മീര വാസുദേവ്, മഞ്ജു പിള്ള, മൂസി, ചാന്ദിനി, മെരീസ,അഖില അനോകി തുടങ്ങിയവർക്കൊപ്പംഅൽഫോൻസ് പുത്രൻ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു.




സിനോജ് പി അയ്യപ്പൻ ഛായാഗ്രഹണം നിർവഹിക്കുന്നു. മൈക്ക്, ഖൽബ്, ഗോളം എന്നി ചിത്രങ്ങൾക്ക് ശേഷം രഞ്ജിത്ത് സജീവ് നായക കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രമാണിത്. ശബരീഷ് വർമ്മ എഴുതിയ വരികൾക്ക് രാജേഷ് മുരുകേശൻ (നേരം,പ്രേമം ഫെയിം) സംഗീതം പകരുന്നു. എഡിറ്റർ അരുൺ വൈഗ. ലൈൻ പ്രൊഡ്യൂസർ ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ റിനി ദിവാകർ, കലസുനിൽ കുമരൻ, മേക്കപ്പ്ഹസ്സൻ വണ്ടൂർ, വസ്ത്രാലങ്കാരം മെൽവി ജെ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് വിനോഷ് കൈമൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർ കിരൺ റാഫേൽ, സ്റ്റിൽസ് ബിജിത്ത് ധർമ്മടം, പരസ്യകല യെല്ലോ ടൂത്ത്സ്, ഈരാറ്റുപേട്ട, വട്ടവട, കൊച്ചി, ഗുണ്ടൽപേട്ട്, തിരുവനന്തപുരം, ചെന്നൈ എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള ' മെയ് ഇരുപത്തിമൂന്നിന് പ്രദർശനത്തിനെത്തും. പി ആർ ഒ എ എസ് ദിനേശ്.




# റിട്ടൺ ആൻഡ് ഡയറക്ടഡ് ബൈ ഗോഡ്

സൈജു കുറുപ്പ് അവതരിപ്പിക്കുന്ന ടി.ജെ പ്രൊഡക്ഷൻസ് നെട്ടൂരാൻ ഫിലിംസ് എന്നി ബാനറിൽ തോമസ് ജോസ്,സനൂബ് കെ യൂസഫ് എന്നിവർ ചേർന്ന് നിർമിച്ച്,ഫെബി ജോർജ് സംവിധാനം ചെയ്യുന്ന റിട്ടൺ ആൻഡ് ഡയറക്ടഡ് ബൈ ഗോഡ് എന്ന ചിത്രത്തിലെ ഒഫീഷ്യൽ ലിറിക്കൽ വീഡിയോ ഗാനം റിലീസായി.

ബി കെ ഹരിനാരായണൻ എഴുതിയ വരികൾക്ക് ഷാൻ റഹ്മാൻ സംഗീതം പകർന്ന് വിനീത് ശ്രീനിവാസൻ ആലപിച്ച ക്രഷാണേ ക്രഷാണേ.... എന്നാരംഭിക്കുന്ന ലിറിക്കൽ വീഡിയോ ഗാനമാണ് റിലീസായത്.മെയ് പതിനാറിന് ഗുഡ്‌വിൽ എന്റർടൈൻമെന്റ്സ് പ്രദർശനത്തിനെത്തിക്കുന്ന ഈ ചിത്രത്തിൽ സണ്ണി വെയ്ൻ,സൈജു കുറുപ്പ്, അപർണ ദാസ് എന്നിവർ പ്രധാന കഥാപാത്രങ്ങളാകുന്നു.

അഭിഷേക് രവീന്ദ്രൻ, വൈശാഖ് വിജയൻ, ശ്രീലക്ഷ്മി സന്തോഷ്, ചെമ്പിൽ അശോകൻ, നീന കുറുപ്പ്, മണികണ്ഠൻ പട്ടാമ്പി, ജോളി ചിറയത്, ബാബു ജോസ്, ഓസ്റ്റിൻ ഡാൻ, ദിനേശ് പ്രഭാകർ, ബാലാജി ശർമ്മ തുടങ്ങിയവരാണ് മറ്റു അഭിനേതാക്കൾ. ജോമോൻ ജോൺ, ലിന്റോ ദേവസ്യ, റോഷൻ മാത്യു എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.

ഇക്ബാൽ കുറ്റിപ്പുറം,ബി കെ ഹരിനാരായണൻ, മനു മഞ്ജിത്,ഹരിത ഹരിബാബു എന്നിവരുടെ വരികൾക്ക് ഷാൻ റഹ്മാൻ സംഗീതം പകരുന്നു.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസിബി ജോർജ്, പ്രൊഡക്ഷൻ കൺട്രോളർജാവേദ് ചെമ്പ്,വസ്ത്രാലങ്കാരംസമീറ സനീഷ്, കലാസംവിധാനം ജിതിൻ ബാബു, മേക്കപ്പ്മനോജ് കിരൺ രാജ്,സ്റ്റിൽസ്റിഷ്ലാൽ ഉണ്ണികൃഷ്ണൻ,ഡിസൈൻയെല്ലോ ടൂത്ത്സ്,പി ആർ ഒഎ എസ് ദിനേശ്.

# മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ വരുമാനം 10,041 കോടി രൂപയായി

MANAPPURAM FINANCE LIMITED

**കൊച്ചി:** പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ മണപ്പുറം ഫിനാൻസിന്റെ പ്രവർത്തന വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷം മുൻ വർഷത്തെ അപേക്ഷിച്ച് 13.5 ശതമാനം ഉയർന്ന് 10,040.76 കോടി രൂപയായി. നികുതി കിഴിച്ചുള്ള ലാഭം മുൻ വർഷത്തെയപേക്ഷിച്ച് 7.6 ശതമാനം വർധിച്ച് 1,783.3 കോടി രൂപയായി. രണ്ടു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 50 പൈസ വീതം ലാഭ വിഹിതം പ്രഖ്യാപിച്ചു.

കമ്പനിയുടെ നാലാം പാദത്തിലേയും 2025 സാമ്പത്തിക വർഷത്തേയും ഫലങ്ങൾ വെള്ളിയാഴ്ചയാണ് പ്രഖ്യാപിച്ചത്. നാലാം പാദത്തിലെ ലാഭം നികുതി കിഴിച്ച് 414.3 കോടി രൂപയാണ്. മുൻ പാദത്തെയപേക്ഷിച്ച് 3.3 ശതമാനത്തിന്റെ ചെറിയ കുറവുണ്ട്. 2024 സാമ്പത്തിക വർഷം ഇതേ പാദത്തിൽ നികുതി കിഴിച്ച് 428.3 കോടി രൂപ ലാഭം നേടിയിരുന്നു. എന്നാൽ 2025 സാമ്പത്തിക വർഷം നികുതി കിഴിച്ചുള്ള ലാഭം 1,783.3 കോടി രൂപയായി ആരോഗ്യകരമായ വളർച്ച രേഖപ്പെടുത്തി. 2024 സാമ്പത്തിക വർഷം ഇത് 1,657.8 കോടി രൂപയായിരുന്നു.

കമ്പനിയുടെ പ്രവർത്തനങ്ങളിൽ നിന്നുള്ള മൊത്ത വരുമാനം 2024 സാമ്പത്തിക വർഷം 8,848 കോടി രൂപയായിരുന്നത് 13.5 ശതമാനം വളർന്ന് 10,041 കോടി രൂപയായി ഉയർന്നിട്ടുണ്ട്. 2025 സാമ്പത്തിക വർഷം നാലാം പാദത്തിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള ലാഭം 2,360 കോടി രൂപയാണ്. 2024 സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഈയിനത്തിൽ വരുമാനം 2,348 കോടി രൂപയായിരുന്നു.

കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തികൾ നാലാം പാദത്തിൽ 43,033.75 കോടി രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ നാലാം പാദത്തിലെ 42,069.62 കോടി രൂപയേക്കാൾ 2.3 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. 2025 സാമ്പത്തിക വർഷം നാലാം പാദത്തിൽ, ആശിർവാദ് മൈക്രോ ഫിനാൻസ് ഒഴികെ, കൈകാര്യം ചെയ്യുന്ന ആസ്തികൾ 34,845 കോടി രൂപയുടേതാണ്. സ്വർണ വായ്പയിലുണ്ടായ വളർച്ചയുടെ പിൻബലത്തിൽ പാദ അടിസ്ഥാനത്തിൽ 1.9 ശതമാനവും വാർഷികാടിസ്ഥാനത്തിൽ 15.4 ശതമാനവും വർധനവുണ്ടായി. സ്വർണ വായ്പ ഒഴികെയുള്ള ബിസിനസ് കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തികളുടെ 40.5 ശതമാനമാണ്. ആശിർവാദ് മൈക്രോ ഫിനാൻസ് കൈകാര്യം ചെയ്യുന്ന ആസ്തി നാലാം പാദത്തിൽ 18.2 ശതമാനം പാദ അടിസ്ഥാനത്തിലും, 31.1 ശതമാനം വാർഷികാടിസ്ഥാനത്തിലും കുറഞ്ഞു.

നാലാം പാദത്തിൽ കൈകാര്യം ചെയ്യുന്ന വാഹന വായ്പാ ആസ്തിയിൽ 6.1 ശതമാനം പാദ അടിസ്ഥാനത്തിൽ കുറവു രേഖപ്പെടുത്തിയെങ്കിലും വാർഷിക അടിസ്ഥാനത്തിൽ 16.1 ശതമാനം വർധനവുണ്ട്. എംഎസ്എംഇ, അനുബന്ധ ബിസിനസ് ആസ്തികളിൽ(സെക്വേഡ്) 5.8 ശതമാനം പാദ അടിസ്ഥാനത്തിലും 22.9 ശതമാനം വാർഷിക അടിസ്ഥാനത്തിലും വളർച്ചയുണ്ടായി. എന്നാൽ അൺ സെക്വേഡ് വിഭാഗത്തിൽ പാദ അടിസ്ഥാനത്തിൽ 19.5 ശതമാനം കുറഞ്ഞു. ഈയിനത്തിൽ വാർഷിക അടിസ്ഥാനത്തിൽ 10 ശതമാനവും കുറവുണ്ടായി. ഭവന വായ്പാ ആസ്തികൾ പാദ അടിസ്ഥാനത്തിൽ 2.6 ശതമാനവും വാർഷിക അടിസ്ഥാനത്തിൽ 20.8 ശതമാനവും വളർച്ച രേഖപ്പെടുത്തി.

കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനി തന്ത്രപരമായ ചില മാറ്റങ്ങൾ കൊണ്ടുവരികയും ശക്തമായ മുന്നേറ്റം നടത്തുകയും ചെയ്തതായി മാനേജിംഗ് ഡയറക്റ്ററും സിഇഒയുമായ വി.പി. നന്ദകുമാർ പറഞ്ഞു. കമ്പനിയുടെ നാലാം പാദത്തിലെ നികുതി കിഴിച്ചുള്ള ലാഭത്തിൽ 3.3 ശതമാനം പാദ അടിസ്ഥാനത്തിലുള്ള കുറവുണ്ടായെങ്കിലും മൊത്തം സാമ്പത്തിക നികുതി കിഴിച്ചുള്ള ലാഭത്തിൽ 1783 കോടിയുടെ ഉയർന്നിട്ടുണ്ട്. ഇത് കമ്പനിയുടെ വൈവിധ്യമാർന്ന ആസ്തികളുടെ കരുത്തും ശേഷിയുമാണ് പ്രകടിപ്പിക്കുന്നത്. പ്രധാന മേഖലകളായ സ്വർണ വായ്പയിലും സെക്വേഡ് എംഎസ്എംഇ ബിസിനസിലും നല്ല വളർച്ച കാഴ്ചവയ്ക്കാൻ കമ്പനിക്ക് കഴിഞ്ഞു. എന്നാൽ മൈക്രോ ഫിനാൻസ് മേഖലയിലും അൺ സെക്വേഡ് വായ്പകളിലും കരുതലോടെയുള്ള മുന്നേറ്റം നടത്തുവാനും സാധിച്ചിട്ടുണ്ട്. കർശനമായ വിപണി നിയന്ത്രണ സാഹചര്യങ്ങളിലും ശക്തമായ സാമ്പത്തിക നില രൂപപ്പെടുത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഇത് ഞങ്ങളുടെ ഉപഭോക്താക്കൾക്ക് മികച്ച ഉൽപന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യാൻ ഞങ്ങളെ പ്രാപ്തരാക്കിയിട്ടുണ്ട്. വരും കാലങ്ങളിൽ മികച്ച വളർച്ചയും കാര്യക്ഷമമായ പ്രവർത്തനങ്ങളും ഞങ്ങൾ ലക്ഷ്യമാക്കുന്നുണ്ട്. ഇതിലൂടെ കമ്പനിയുടെ ഉപഭോക്താക്കൾക്കും പങ്കാളികൾക്കും മികച്ച നേട്ടം കൈവരിക്കാനാകുമെന്ന് വി.പി. നന്ദകുമാർ ചൂണ്ടിക്കാട്ടി



# സിൽവർ ജൂബിലി നിറവിൽ അമൃത ആശുപത്രിയിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗം

**കൊച്ചി:** അമൃത ആശുപത്രിയിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിന് തുടക്കമായി. ഇതോടനുബന്ധിച്ച് അമൃത സെൻറ്റിനൽ 2025 എന്ന പേരിൽ രണ്ട് ദിവസം നീണ്ടു നിൽക്കുന്ന സമ്മേളനവും ആരംഭിച്ചു. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ മുഖ്യാതിഥിയായ ചടങ്ങിൽ അമൃത ആശുപത്രി സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. അജോയ് മേനോൻ, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ, ന്യൂക്ലിയർ മെഡിസിൻ ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഡോ. ഷൺമുഖ സുന്ദരം, ന്യൂക്ലിയർ മെഡിസിൻ വിഭാഗം ക്ലിനിക്കൽ പ്രൊഫസർ ഡോ. പദ്മ സുബ്രമണ്യം തുടങ്ങിയവർ പ്രസംഗിച്ചു.അമൃത ആശുപത്രിയിലെ ഹെഡ് ആൻഡ് നെക്ക് സർജറി, ബ്രെസ്റ്റ് ആൻഡ് ഗൈനക് ഓങ്കോളജി, എൻഡോക്രൈൻ സർജറി എന്നീ വകുപ്പുകൾക്കൊപ്പം ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. സെന്റിനൽ ലിംഫ് നോഡ് ഇമേജിംഗിന്റേയും ബയോപ്സിയുടെയും ശാസ്ത്രീയ തത്വങ്ങളും ആധുനിക വൈദ്യശാസ്ത്രത്തിലെ അതിന്റെ പ്രാധാന്യവും കേന്ദ്രീകരിച്ച് നടക്കുന്ന സമ്മേളനത്തിൽ വിവിധ വിഷയങ്ങളെ കുറിച്ച് വിദഗ്ധർ ക്ലാസ് എടുക്കും. സമ്മേളനം ഇന്ന് സമാപിക്കും.

## ലക്സ് കോസി വനിതകളുടെ വസ്ത്ര വിഭാഗത്തിലേക്ക് ചുവടുവെക്കുന്നു



**മുംബൈ:** ഹോസിയറി രംഗത്തെ മുനിരക്കാരായ ലക്സ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, പിങ്ക് എന്ന ബ്രാൻഡ് അവതരിപ്പിച്ചുകൊണ്ട് സ്ത്രീകളുടെ വസ്ത്ര വിഭാഗത്തിലേക്ക് ചുവടുവെച്ചു. നടി ശ്രദ്ധ കപൂറിനെ ബ്രാൻഡ് അംബാസഡറായി നിയമിക്കുകയും, വർക്ക്.പിങ്ക്.പ്ലേ. എന്ന പേരിൽ ഒരു 360ഡിഗ്രി കാമ്പെയ്ൻ ആരംഭിക്കുകയും ചെയ്തു.

പിങ്കിന് കീഴിൽ 20 തരം ഉൽപ്പന്നങ്ങളുണ്ട്, 5 മാസത്തിനുള്ളിൽ 100 ഇനങ്ങളാണ് ലക്ഷ്യമിടുന്നത്. പിങ്ക് ഉത്പന്നങ്ങളുടെ വില 500 രൂപ മുതൽ 999 രൂപ വരെയാണ്.'

27 കോടി രൂപയുടെ മാർക്കറ്റിംഗ് നിക്ഷേപത്തോടെ, പിങ്ക് കാമ്പെയ്ൻ രാജ്യത്തുടനീളമുള്ള 1,600 സിനിമാ സ്ക്രീനുകളിൽ എത്തും. തുടർന്ന് ടെലിവിഷൻ പരസ്യങ്ങൾ, ഡിജിറ്റൽ, നൂതന ഹോർഡിംഗുകൾ, വിമാനത്താവളങ്ങളിലെ ലൈഫ് സൈസ് ശ്രദ്ധ കപൂർ ഗ്ലോ സ്ക്രീനുകൾ എന്നിവയുമുണ്ടാകും.

## മോൺട്രിയക്സിന്റെ ഗോൾഡൻ അവാർഡിൽ കാൻസായ് നെറോലാക് ആൻഡ് ട്രൈബ്സ് കമ്മ്യൂണിക്കേഷൻസ് സ്വർണ്ണം നേടി

**മുംബൈ:** ഇന്ത്യയിലെ മുൻനിര പെയിന്റ് കമ്പനികളിലൊന്നായ കാൻസായ് നെറോലാക് പെയിന്റ്സ് ലിമിറ്റഡ് (കെഎൻപിഎൽ), ട്രൈബ്സ് കമ്മ്യൂണിക്കേഷനുമായി സഹകരിച്ച്, 2025 ലെ മോൺട്രിയക്സിന്റെ ഗോൾഡൻ അവാർഡിൽ സ്വർണ്ണം നേടി. ആംബിയന്റ് മീഡിയ വിഭാഗത്തിന് കീഴിലുള്ള ഈ അംഗീകാരം, മഹാ കുംഭമേളയിൽ ആരംഭിച്ച 'ഡു കാൻ ഇറ്റ് യുവർസെൽഫ്' സംരംഭം പരിഗണിച്ചാണ് ഈ അംഗീകാരം.

സ്വിറ്റ്സർലൻഡിലെ മോൺട്രിയക്സിൽ വർഷം തോറും നടക്കുന്ന ഗോൾഡൻ അവാർഡ്, സർഗ്ഗാത്മക വ്യവസായത്തിലെ ഏറ്റവും അഭിമാനകരമായ അവാർഡുകളിലൊന്നായാണ് പരിഗണിക്കപ്പെടുന്നത്. കൻസായി നെറോലാക്കിന്റെ നേട്ടം ഇന്ത്യൻ സർഗ്ഗാത്മകതയ്ക്ക് ഒരു സുപ്രധാന നിമിഷമായി അടയാളപ്പെടുത്തുന്നു.

## മെഴ്സിഡീസ്ബെൻസ് ഇന്ത്യ മോഡലുകളുടെ എക്സ്ഷോറൂം വില പരിഷ്ക്കരിക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ആഡംബര കാർ നിർമാതാക്കളായ മെഴ്സിഡീസ്ബെൻസ് ഇന്ത്യ, മോഡൽ നിരകളിലെ എക്സ്ഷോറൂം വിലകളിൽ രണ്ട് ഘട്ടങ്ങളിലായുള്ള നൂതന വില പരിഷ്ക്കരണം പ്രഖ്യാപിച്ചു. ആദ്യഘട്ടം 2025 ജൂൺ ഒന്ന് മുതലും രണ്ടാം ഘട്ടം സെപ്റ്റംബർ ഒന്ന് മുതലും പ്രാബല്യത്തിൽ വരും. ഉപഭോക്താക്കൾക്ക് അവരുടെ സാമ്പത്തിക ചെലവിന് അനുസൃതമായി അവരുടെ വാങ്ങലുകൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഫ്ലെക്സിബിലിറ്റി വാഗ്ദാനം ചെയ്യുന്നതിനാണ് ഈ ക്രമാനുഗതമായ വില പരിഷ്കരണം നടപ്പിലാക്കുന്നത്. വാഹന ഘടകങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രത്യേകിച്ച്, സിബിയുകളുടെ ചെലവ് ഘടനയെ സാരമായി ബാധിക്കുന്ന തരത്തിൽ 2025 ജനുവരി മുതൽ വിദേശ വിനിമയനിരക്കുകളിലുണ്ടായ കുത്തനെയുള്ള വർധനവാണ് വില പരിഷ്കരണത്തിന് കാരണമായത്.

പ്രാദേശികവൽക്കരണ സംരംഭങ്ങൾ കൂടുതൽ ആഴത്തിലാക്കുന്നത് തുടരുന്നതിനാൽ, വില വർധനവിൻറെ ഒരു ചെറിയ ഭാഗം മാത്രമാണ് മെഴ്സിഡീസ് ബെൻസ് ഇന്ത്യ ഉപഭോക്താക്കൾക്ക് കൈമാറുന്നത്. ഇതുവരെയുള്ള വൻ ചെലവ് വർധനവ് മെഴ്സിഡീസ്ബെൻസ് തന്നെ വഹിക്കുകയാണ് ചെയ്തത്, എന്നാൽ പ്രവർത്തന ചെലവുകളിലുള്ള ആഘാതം നികത്തുന്നതിനും ബിസിനസ് സുസ്ഥിരത നിലനിർത്തുന്നതിനും ഇപ്പോൾ കുറഞ്ഞ ചെലവ് വിപണിയിലേക്ക് കൈമാറാൻ കമ്പനി നിർബന്ധിതരാവുകയായിരുന്നു.

വിപണിയിലെ നിലവിലെ വിലനിർണയ വെല്ലുവിളികൾ കാരണം കുത്തനെയുള്ള വില പരിഷ്കരണം നേരിടുന്നതിനുപകരം, ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ വാങ്ങലുകളും ഫിനാൻഷ്യൽ സ്കീമുകളും ആസൂത്രണം ചെയ്യാൻ ഈ രണ്ട് ഘട്ട വില പരിഷ്കരണ പ്രഖ്യാപനം സഹായകരമാവും. കുറഞ്ഞ ഇഎംഐ, സ്റ്റാർ എജിലിറ്റി വഴി ഭാഗിക ഉടമസ്ഥാവകാശം തുടങ്ങിയ മെഴ്സിഡീസ്ബെൻസ് ഫിനാൻഷ്യൽ സർവീസസിൽ നിന്നുള്ള നൂതനവും മൂല്യവർധിതവുമായ സേവനങ്ങൾ ഉപഭോക്താക്കളുടെ പണമൊഴുക്കിൽ ഉണ്ടാകുന്ന ആഘാതം ഗണ്യമായി കുറയ്ക്കുകയും അവരുടെ ഉടമസ്ഥാവകാശ അനുഭവം വർധിപ്പിക്കുകയും ചെയ്യും. കുറഞ്ഞ വില പരിഷ്കരണത്തിലും മെഴ്സിഡസ്ബെൻസ് ഉപഭോക്താക്കളുടെ പ്രതിമാസ ഇഎംഐ വലിയതോതിൽ മാറ്റമില്ലാതെ തുടരുമെന്ന് ഈ സ്കീമുകൾ ഉറപ്പാക്കുകയും, അതുവഴി അവരുടെ ചെലവുകളിലുള്ള ആഘാതം കുറയ്ക്കുകയും ചെയ്യും.

# ഉൽപന്ന മേഖലകളിൽ ശ്രദ്ധ ശക്തമാക്കാൻ ഗോദ്റെജ്



**കൊച്ചി:** പെറ്റ് കെയർ, ബോഡി വാഷ്, ലിക്വിഡ് ഡിറ്റർജൻറ്സ്, ഡിയോർഡെൻറ്, എയർ ഫ്രഷ്നർ, സെക്ഷ്വൽ വെൽനെസ് തുടങ്ങിയ ഉയർന്നു വരുന്ന ഉൽപന്ന മേഖലകളിൽ കൂടുതൽ ശക്തമായ ശ്രദ്ധ പതിപ്പിക്കാൻ ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ടിന്റെ നീക്കം.

വരുന്ന 12 മുതൽ 18 വരെയുള്ള മാസങ്ങളിൽ ഇവയിലുണ്ടാകുന്ന ഉയർന്ന ഉപഭോക്തൃ ഡിമാൻറ് കൈകാര്യം ചെയ്യാനാവുന്ന രീതിയിലാവും നീക്കം. ഭക്ഷ്യ മേഖലയിലെ പണപ്പെരുപ്പത്തിന്റെ കാര്യത്തിലെ മികച്ച നില, ആദായ നികുതി ഇനത്തിലെ ഇളവുകൾ, ശമ്പളക്കമ്മീഷൻ വഴി ഉണ്ടാകാനിടയുള്ള ഉയർച്ച തുടങ്ങിയവയുടെ പശ്ചാത്തലത്തിലാണ് കമ്പനിയുടെ ഈ നീക്കം.

വിവിധങ്ങളായ കാരണങ്ങളാൽ അടുത്ത 1218 മാസങ്ങളിൽ ഡിമാൻറ് ഉയരുമെന്നാണ് തങ്ങൾ കണക്കാക്കുന്നതെന്ന് ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് മാനേജിങ് ഡയറക്ടറും സിഇഒയുമായ സുധീർ സീതാപതി പറഞ്ഞു.

ഭാവിയിലെ സാധ്യതയുള്ള വിഭാഗങ്ങളിൽ കമ്പനിയുടെ സാന്നിധ്യം ശക്തമാക്കുകയാണ്. 2024 ഏപ്രിലിലാണ് കമ്പനി പെറ്റ് കെയർ ബ്രാൻഡ് ആയ ഗോദ്റെജ് നിൻജ തമിഴ്നാട്ടിൽ പുറത്തിറക്കിയത്. 99 രൂപ വിലയിലുള്ള ഫാബ് ലിക്വിഡ് ഡിറ്റർജൻറ് അടക്കമുള്ള മികച്ചപ്രകടനമുള്ള ഇനങ്ങൾ ഉൽപന്ന നിരയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇതിലൂടെ വെറും 12 മാസത്തിനുള്ളിൽ 250 കോടി രൂപയുടെ വാർഷിക വരുമാനം കൈവരിക്കാനായി. 2023ൽ റെയ്മണ്ട്സ് കൺസ്യൂമർ കെയറിൻറെ എഫ്എംസിജി ബിസിനസ് ഏറ്റെടുത്തതിനെ തുടർന്ന് പാർക്ക് അവന്യൂ, കാമസൂത്ര തുടങ്ങിയ പാരമ്പര്യമുള്ള ബ്രാൻഡുകൾ കൂട്ടിച്ചേർത്ത് പേഴ്സണൽ കെയർ, സെക്ഷ്വൽ വെൽനെസ് വിഭാഗങ്ങളിലും സാന്നിധ്യം ദൃശ്യമാക്കി.


വിവിധ വിഭാഗങ്ങളിലെ വികസനത്തിനു പിന്തുണ നൽകാനായി ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ് അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഉത്തരേന്ത്യയിലേയും ദക്ഷിണേന്ത്യയിലേയും പ്ലാൻറുകളിൽ 700 കോടി രൂപയുടെ നിക്ഷേപം നടത്തും. സുപ്രധാന അന്താരാഷ്ട്ര വിപണിയായ ഇന്തോനേഷ്യയിൽ പുതിയ നിർമാണശാലയും ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# ഇന്ത്യൻ നഗരങ്ങളിൽ ലൈഫ് ഇൻഷുറൻസ് ഉള്ളവരുടെ എണ്ണം 78 ശതമാനമെന്ന് സർവ്വേ

**കൊച്ചി :** ഇന്ത്യൻ നഗരങ്ങളിൽ ലൈഫ് ഇൻഷുറൻസ് ഉള്ളവരുടെ എണ്ണം 78 ശതമാനമായതായി സർവ്വേ. ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ഗവേഷണ സ്ഥാപനമായ കാന്ററുമായി സഹകരിച്ച് നടത്തിയ ഇന്ത്യ പ്രൊട്ടക്ഷൻ ക്വാഷ്യന്റ് (ഐപിക്യു) സർവേയുടെ ഏഴാം പതിപ്പാണ് ഇക്കാര്യം പുറത്തുവിട്ടത്. 'ഭറോസ ടോക്സ്' എന്ന സംരംഭത്തിന്റെ ഭാഗമായ ഈ സർവേയിൽ രാജ്യത്തെ 25 നഗരങ്ങളിലായി 6,360 ആളുകൾ പങ്കെടുത്തു.കൂടുതൽ ആളുകൾ ടേം ഇൻഷുറൻസ് എടുക്കുന്നതിന്റെയും വർദ്ധിച്ചുവരുന്ന ഡിജിറ്റൽ സ്വാധീനത്തിന്റെയും ഫലമായി സംരക്ഷണ മാനം എക്കാലത്തെയും ഉയർന്ന നിരക്കായ 48ൽ എത്തി. ടേം ഇൻഷുറൻസിനെക്കുറിച്ചുള്ള അവബോധം 74 ശതമാനം ആയി വളരുകയും ഇതുള്ളവരുടെ എണ്ണം 34 ശതമാനം ആയി ഉയരുകയും ചെയ്തുവെന്ന് സർവേയിൽ പറയുന്നു. പ്രതികരിച്ചവരിൽ 22 ശതമാനം പേർ ടേം ഇൻഷുറൻസ് ഓൺലൈനായാണ് എടുത്തത്. നേരത്തെ ഇത് 18 ശതമാനം ആയിരുന്നു. തൊഴിൽ ചെയ്യുന്ന പുരുഷന്മാരിലെ ഐപിക്യു 47ൽ നിന്നും 50 ആയി ഉയർന്നപ്പോൾ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ ഇത് മാറ്റമില്ലാതെ 48 ആയി തുടരുന്നു. ജോലിയിൽ നിന്നും വിരമിക്കൽ, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ പ്രധാന ജീവിത ഘട്ടങ്ങളിൽ സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷ കുറവാണെന്നും സർവ്വേ റിപ്പോർട്ട് ചെയ്തു.പ്രീമിയം ചിലവിനേക്കാൾ ആളുകൾ സംരക്ഷണത്തിന് പ്രാമുഖ്യം നൽകുന്നു എന്ന് സർവേ സൂചിപ്പിക്കുന്നുവെന്ന് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ പ്രശാന്ത് ത്രിപാഠി പറഞ്ഞു

# ആഴക്കടൽ മത്സ്യസമ്പത്ത്: സംയുക്ത സാധ്യതാ പഠനത്തിന് തുടക്കമിട്ട് സിഎംഎഫ്ആർഐയും സിഫ്റ്റും

**കൊച്ചി:** ഇന്ത്യയുടെ ആഴക്കടൽ മത്സ്യസമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കുന്ന സംയുക്ത ഗവേഷണ പദ്ധതിക്ക് തുടക്കമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും (സിഎംഎഫ്ആർഐ) കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനത്തിന്റെയും (സിഫ്റ്റ്) പങ്കാളിത്തത്തിലാണ് പദ്ധതി. ഇന്ത്യൻ സമുദ്രാതിർത്തിയിലെ ആഴക്കടലിൽ ഗണ്യമായ മത്സ്യസമ്പത്തുണ്ട്. എന്നാൽ, ഇവ പിടിക്കപ്പെടാതെ കിടക്കുകയാണ്. ഇരുന്നൂറ് മീറ്റർ മുതൽ ആയിരം മീറ്റർ വരെ ആഴമുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന മിസോപെലാജിക് മത്സ്യങ്ങളുടെ അളവും സുസ്ഥിരമായി പിടിക്കാവുന്ന രീതികളും അവയുടെ വ്യാവസായിക സാധ്യതകളുമാണ് പഠന വിധേയമാക്കുന്നത്. മെഴുക് ധാരാളമടങ്ങിയിരിക്കുന്നതിനാൽ ഇവ മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല. എന്നാൽ, മത്സ്യത്തീറ്റ നിർമാണം, ന്യൂട്രാസ്യൂട്ടിക്കൽ ഉൽപാദനം തുടങ്ങി നിരവധി വ്യാവസായിക ആവശ്യങ്ങളിൽ ഇവ ഉപയോഗിക്കാനാകും.മത്സ്യത്തീറ്റക്ക് ഇവയെ ഉപയോഗിക്കുന്നതിലൂടെ ഈ ആവശ്യങ്ങൾക്ക് തീരക്കടലുകളിലെ മത്തി പോലുള്ള വാണിജ്യമത്സ്യങ്ങളെ അമിതമായി ആശ്രയിക്കുന്നത് തടയാനാകും. തീരക്കടലുകളിലെ മീനുകളിന്മേലുള്ള അമിത സമ്മർദം ഒഴിവാക്കി സുസ്ഥിരത മെച്ചപ്പെടുത്തലും സംയുക്ത പദ്ധതിയുടെ ലക്ഷ്യമാണ്.മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ എന്നിവരുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിലാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന പഠനത്തിന് തുടക്കമിട്ടിരിക്കുന്നത്. ഗവേഷണ ഫലം അനുസരിച്ചായിരിക്കും വൻതോതിൽ ഈ മത്സ്യസമ്പത്ത് വിനിയോഗിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുക. പ്രധാന മന്ത്രി മത്സ്യസമ്പദ യോജനക്ക് കീഴിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡാണ് (എൻ എഫ് ഡി ബി) സാധ്യതാ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നത്. പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കി ഈ മത്സ്യസമ്പത്ത് വാണിജ്യമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പഠനവിധേയമാക്കും.ഇന്ത്യൻ സമുദ്രാതിർത്തിയിൽ ഏകദേശം 20 ലക്ഷം ടൺ മിസോപെലാജിക് മത്സ്യസമ്പത്തുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ. ഇവയുടെ ലഭ്യത, ജീവശാസ്ത്രം, സ്റ്റോക് നിർണയം തുടങ്ങിയവ ശാസ്ത്രീയമായി വിലയിരുത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഇന്ത്യൻ സമുദ്രമത്സ്യ മേഖലയിൽ നിർണായക ചുവടുവെയ്പാണിതെന്നും അദ്ദേഹം പറഞ്ഞു.മൂല്യവർധിത ഉൽപാദനരംഗത്ത് മികച്ച സാധ്യതകളാണ് ഈ മത്സ്യസമ്പത്തിനുള്ളതെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ പറഞ്ഞു. ഒമാൻ ഉൾപ്പെടെ പല രാജ്യങ്ങളിലെയും വ്യവസായങ്ങളുടെ നട്ടെല്ലാണ് ഈ മേഖലയെന്നും അദ്ദേഹം പറഞ്ഞു.സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ സുജിത തോമസാണ് പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ. സിഫ്റ്റ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ രമേശൻ എം പി ലീഡ് ഇൻവസ്റ്റിഗേറ്ററാണ്.



# വാച്ചോ ആപ്പിൽ ഫ് ളിക്സ് അവതരിപ്പിച്ച് ഡിഷ് ടി.വി. ഇന്ത്യ

**കൊച്ചി :** ഇന്ത്യയിലെ മുൻനിര ഡിജിറ്റൽ കണ്ടന്റ് വിതരണ കമ്പനികളിലൊന്നായ ഡിഷ് ടി.വി. ഇന്ത്യ ലിമിറ്റഡ്, അവരുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ വാച്ചോയിൽ 'ഫ് ളിക്സ്' എന്ന പുതിയ ഒടിടി സെഗ്മെന്റ് അവതരിപ്പിച്ചു. വേവ്സ് 2025 എന്ന ദേശീയ ഉച്ചകോടിയിൽ ഔദ്യോഗികമായി പ്രകാശനം ചെയ്ത ഈ സേവനം, പ്രൊഫഷണൽ കണ്ടന്റ് സ്രഷ്ടാക്കൾക്കും ഉപഭോക്താക്കൾക്കും വേണ്ടിയുള്ള സമ്പൂർണ്ണ ഡിജിറ്റൽ സേവനമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഫ് ളിക്സ്, പ്രൊഫഷണലുകൾക്ക് അവരുടെ സൃഷ്ടികൾ ദശലക്ഷക്കണക്കിന് പ്രേക്ഷകരിലേക്ക് എത്തിക്കാനും, അതിനോടൊപ്പം തന്നെ സൃഷ്ടിക്കുള്ള ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് വരുമാനം നേടാനുമുള്ള സൗകര്യമാണ് നൽകുന്നത്. ഓരോ സ്രഷ്ടാവിനും തങ്ങളുടെ സ്വന്തം ഒടിടി അനുഭവം ലഭിക്കുന്ന രീതിയിലാണ് ഫ് ളിക്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.ഉപഭോക്താക്കൾക്ക് പ്രാദേശികവും അന്താരാഷ്ട്രവുമായ ഭാഷകളിൽ സിനിമകളും വെബ് സീരീസുകളും ഹ്രസ്വ ഫോർമാറ്റിൽ ഉൾപ്പെടെ ക്യൂറേറ്റുചെയ്ത ഒറിജിനൽ കണ്ടൻറുകൾ ലഭ്യമാകും. 9 രൂപ മുതൽ തുടങ്ങിയ വിലയിൽ പ്രീമിയം വരെ ലഭ്യമാകും.

ഫ് ളിക്സ് ഉപയോക്താക്കൾക്ക് ആധുനിക, ഹൈപ്പർവ്യക്തിഗത, ക്യൂറേറ്റുചെയ്ത വിനോദ അനുഭവം ഉറപ്പാക്കുന്നു. സൗകര്യപ്രദമായ യൂസർ ഇന്റർഫേസ്, എ.ഐ. റെക്കമൻഡേഷൻ എൻജിൻ, മൾട്ടിസ്ക്രീൻ പിന്തുണ തുടങ്ങിയ സാങ്കേതികമികവുകൾ കൂടി ഈ സേവനത്തിൻറെ വിശിഷ്ടതയാണ്.'ഫ് ളിക്സ് ഒരു ഒടിടി സേവനത്തിന്റെ സാധാരണ പരിധികൾ മറികടക്കുകയാണെന്ന് ഡിഷ് ടി.വി. ഇന്ത്യ ലിമിറ്റഡിന്റെ സി.ഇ.ഒ.യും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ദോഭാൽ പറഞ്ഞു.

ഉപഭോക്തൃ ആവശ്യങ്ങൾ, സൃഷ്ടിയുടെ വ്യത്യസ്തത, അതിജീവനം, മൂല്യവത്തായ ഉള്ളടക്കം എന്നിവയുമായി കാഴ്ചപ്പാടുള്ള പുതിയ തലമുറയിലേക്ക് നയിക്കുന്ന കൽപനാപരമായ കുതിച്ചുചാട്ടമാണ് ഇത്. ഞങ്ങൾ പറയാത്ത കഥകൾക്കായി, അസ്സൽ ശൈലിയിലുള്ള നിർമ്മാണങ്ങൾക്കായി, അതിലുമുപരി ഓരോ സ്രഷ്ടാവിനും തങ്ങളുടെ ശബ്ദം സ്വതന്ത്രമായി അവതരിപ്പിക്കാൻ സാധ്യത നൽകുന്ന ഒരു വലിയ വേദിയാണിതെന്നും മനോജ് ദോഭാൽ പ്രതികരിച്ചു. ഫ് ളിക്സ് വെറുമൊരു ആഡ്ഓൺ അല്ല; ഇത് വാച്ചോയുടെ അന്തസ്സും പ്രാസക്തതയും ഉയർത്തുന്ന ഒരു പരിവർത്തനപാടമാണ്. ഉപഭോക്താക്കളുടെ ആഗ്രഹങ്ങൾക്കും ഒടിടി മാർക്കറ്റിലെ മാറ്റങ്ങൾക്കും കൃത്യമായി പ്രതികരിക്കാനും ഫ് ളിക്സ് നന്നായി തയ്യാറാണെന്ന് വാച്ചോയുടെ സിടിഒയും ബിസിനസ് ഹെഡുമായ വി.കെ. ഗുപ്തയും കൂട്ടിച്ചേർത്തു.

# സൈബർതട്ടിപ്പ് ബോധവത്കരണവുമായി ഫെഡറൽബാങ്ക്; ട്വൈസ് ഈസ് വൈസ് റോഡ് ഷോ

**കൊച്ചി:** സൈബർ തട്ടിപ്പിനെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം പകരുക എന്ന ലക്ഷ്യത്തോടെ ക്ലബ് എഫ് എമ്മുമായി കൈകോർത്ത് ട്വൈസ് ഈസ് വൈസ് എന്ന പേരിൽ ഫെഡറൽ ബാങ്ക് കേരളത്തിലുടനീളം റോഡ് ഷോ നടത്തുന്നു.രസകരമായ നിരവധി ഗെയിമുകളും സൈബർ തട്ടിപ്പിനോട് ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകുന്നവർക്ക് സമ്മാനങ്ങളുമൊക്കെ ചേർന്ന റോഡ് ഷോ ഇരുപത് ദിവസം കൊണ്ട് പതിനാലുജില്ലകളിലെ അറുപത് ലൊക്കേഷനുകളിൽ സൈബർ തട്ടിപ്പിനെക്കുറിച്ച് അവബോധം പകരും.

ആലുവയിലെ ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസിനു മുന്നിൽ കൊച്ചി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യയും ഫെഡറൽ ബാങ്ക് എംഡി കെ വി എസ് മണിയനും ചേർന്ന് റോഡ് ഷോ ഫ് ളാഗ് ഓഫ് ഓഫ് ചെയ്തു.

# വിവിധ സിഎസ്ആർ പദ്ധതികളുമായി വി ഗാർഡ്

**കൊച്ചി:** സംസ്ഥാനത്തുടനീളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ സിഎസ്ആർ പദ്ധതികളിലൂടെ തങ്ങളുടെ സാമൂഹിക പ്രതിബദ്ധത അടിവരയിടുകയാണ് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, ദുരന്ത നിവാരണം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും സിഎസ്ആർ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. സാമൂഹിക ഉന്നമനവും, സുസ്ഥിര വികസനവും ലക്ഷ്യമിട്ടാണ് വി ഗാർഡിന്റെ സിഎസ്ആർ പദ്ധതികളെല്ലാം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു. സാമൂഹ്യ വികസന സമീപനവും അതിനായുള്ള പദ്ധതികളും കൃത്യമായ ലക്ഷ്യബോധത്തോടെ ആവിഷ്കരിച്ചിട്ടുള്ളവയാണ്. അന്തസ്സ്, ശാക്തീകരണം എന്നിവയിലൂടെ മാത്രമേ സമൂഹത്തിൽ അർത്ഥപൂർണമായ മാറ്റങ്ങൾ സംഭവിക്കുകയുള്ളു എന്ന വിശ്വാസമാണ് ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, ദുരന്ത നിവാരണം ഉൾപ്പെടെയുള്ള മേഖലകളിൽ സിഎസ്ആർ നിക്ഷേപം നടത്തുവാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത്.

ഈ വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്ന് കൊച്ചിയിൽ വച്ച് സംഘടിപ്പിക്കപ്പെട്ട റസിഡൻഷ്യൽ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമായ തരംഗ് 2024-25 ആയിരുന്നു. ഇതിലൂടെ നിരവധി യുവാക്കൾക്ക് ഇലക്ട്രിക്കൽ, ഇലക്ട്രോമെക്കാനിക്കൽ ട്രേഡുകളിൽ പരിശീലനം നൽകി. അതുവഴി അവരുടെ തൊഴിൽ സാധ്യത വർധിപ്പിക്കുകയും മികച്ച ജീവിത സാഹചര്യം ഉറപ്പാക്കുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്തു. ഈ വർഷത്തെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി വി ഗാർഡ് ആരോഗ്യമേഖലയിൽ വിവിധ സംഭാവനകൾ നൽകി. എറണാകുളം ഗവൺമെന്റ് ടി.ബി. സെന്ററിന് ഹോം കെയർ സേവനങ്ങൾക്കും മരുന്ന് വിതരണത്തിനുമായി ഒരു വാഹനവും, കൊച്ചി ലിങ്ക് റോഡിലെ ആൽഫ പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിന് ഓക്സിജൻ കോൺസെൻട്രേറ്ററുകൾ, സിലിണ്ടറുകൾ, വീടുകളിൽ ചെന്ന് ചികിത്സിക്കുന്നവർക്കായുള്ള മൂന്നു മാസത്തേക്കുള്ള മരുന്നുകൾ എന്നിവയും നൽകി. കൂടാതെ, പള്ളുരുത്തി ഗവ. താലൂക്ക് ആശുപത്രിക്ക് ഇ.സി.ജി. മെഷീനുകൾ, എമർജൻസി ട്രോളികൾ, ഡിഫിബ്രില്ലേറ്ററുകൾ എന്നിവയും സംഭാവന ചെയ്തു.

സമൂഹത്തിലെ താഴേക്കിടയിലുള്ള വിഭാഗങ്ങളിൽ വിദ്യാഭ്യാസരംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുക എന്നതിനാണ് വിദ്യാഭ്യാസ മേഖലയിലെ സിഎസ്ആർ പദ്ധതികളിൽ വി ഗാർഡ് പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിലെ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇന്റർനാഷണൽ ട്രൈബൽ സ്കൂളിൽ ഒരു സയൻസ് ലാബ് സ്ഥാപിച്ചു. കൂടാതെ, ഈസ്റ്റ് കൊരട്ടി പി.എസ്.എച്ച്.എസ്.എസിലെ പഠനം സ്മാർട്ട് ആക്കുന്നതിന് ആവശ്യമായ ലാപ്ടോപ്പുകളും പ്രൊജക്ടറുകളും നൽകി. വെണ്ണല ഗവൺമെന്റ് സ്കൂളിലെ ഐ.ടി. ലാബ് കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകി നവീകരിക്കുകയും ചെയ്തു.

വി ഗാർഡിന്റെ സഹായ പദ്ധതിയിലൂടെ ഗുരുതര രോഗബാധിതരായ 5 വ്യക്തികൾക്കുള്ള സാമ്പത്തിക പിന്തുണയും കമ്പനി നൽകിയിട്ടുണ്ട്. വയനാട്ടിലെ മണ്ണിടിച്ചിലിനെത്തുടർന്ന് കുടിയിറക്കപ്പെട്ട കുടുംബങ്ങൾക്ക് ഡ്രൈ റേഷൻ കിറ്റുകളും കമ്പനി വിതരണം ചെയ്തു. പാർശ്വവത്ക്കരിക്കപ്പെടുന്നവരെ മുഖ്യധാരയിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി, ഡൗൺ സിൻഡ്രോം ബാധിതരായ കുട്ടികൾക്കായി ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച നാഷണൽ ഗെയിംസ് 2025 സ്പോൺസർ ചെയ്തതും വിഗാർഡ് ആയിരുന്നു. കേരളത്തിന് പുറമേ, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, ഛത്തിസ്ഗഢ്, ഹിമാചൽ പ്രദേശ്, ഡൽഹി, ഉത്തരാഖണ്ഡ്, ഝാർഖണ്ഡ്, ബീഹാർ, സിക്കിം, ഗുജറാത്ത്, ഉത്തർപ്രദേശ്, ജമ്മു & കാശ്മീർ, ഒഡീസ, വെസ്റ്റ് ബംഗാൾ, ഹരിയാന എന്നീ സംസ്ഥാനങ്ങളിലായി 202425 സാമ്പത്തിക വർഷത്തിൽ 6.60 കോടിയിലധികം രൂപ വിവിധ മേഖലകളിലെ സിഎസ്ആർ പ്രവർത്തനങ്ങൾക്കായി വിഗാർഡ് വിനിയോഗിച്ചിട്ടുണ്ട്.

# പുതുവരിക്കാരുടെ എണ്ണത്തിൽ മുന്നേറ്റം നടത്തി ജിയോ




**കൊച്ചി/മുംബൈ:** 2025 മാർച്ച് മാസത്തിൽ വരിക്കാരുടെ എണ്ണത്തിൽ മികച്ച മുന്നേറ്റം നടത്തി റിലയൻസ് ജിയോ. 2.17 ദശലക്ഷം പുതിയ വരിക്കാരെയാണ് ജിയോ മാർച്ച് മാസത്തിൽ കൂട്ടിച്ചേർത്തത്. മാർച്ചിൽ മൊത്തം കമ്പനികൾക്ക് കൂട്ടിച്ചേർക്കാനായത് 2.93 മില്യൺ വരിക്കാരെയാണെന്ന് ട്രായ് പുറത്തുവിട്ട കണക്കുകൾ പറയുന്നു. ഇതിൽ 2.17 ദശലക്ഷവും ജിയോയുടെ സംഭാവനയാണ്. പുതിയ വരിക്കാരുടെ എണ്ണത്തിന്റെ കാര്യത്തിൽ 74 ശതമാനം വിപണി വിഹിതമാണ് ജിയോ കൈയ്യാളുന്നത്. മേഖലയുടെ വിവിധ വിഭാഗങ്ങളിലായി 70 ശതമാനം വിപണി വിഹിതത്തോടെ ജിയോ മേധാവിത്തം തുടരുകയാണ്. വിഎൽആർ സബ്സ്ക്രൈബേഴ്സ്, വയർലെസ്, വയർലൈൻ, 5ജി എയർഫൈബർ തുടങ്ങിയ വിഭാഗങ്ങളെല്ലാം ഇതിൽ ഉൾപ്പെടും. പുതിയ വിഎൽആർ സബ്സ്ക്രൈബർമാരുടെ എണ്ണത്തിൽ 86 ശതമാനമാണ് ജിയോയുടെ വിപണി വിഹിതം. 5.03 മില്യൺ വരിക്കാരെയാണ് ഈ വിഭാഗത്തിൽ കൂട്ടിച്ചേർത്തത്. കണക്റ്റിവിറ്റി ഇൻഡസ്ട്രിയിലെ ഏറ്റവും വേഗത്തിൽ വളരുന്ന വിഭാഗമായ 5ജി എഫ്ഡബ്ല്യുഎ മേഖലയിൽ ജിയോയ്ക്ക് 82 ശതമാനം വിപണി വിഹിതമുണ്ട്. 5.57 മില്യൺ സബ്സ്ക്രൈബർമാരാണ് 2025 മാർച്ചിലെ കണക്കനുസരിച്ച് ഈ മേഖലയിലുള്ളതെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.




# ജൈവവൈവിധ്യ സംരക്ഷണം: ബ്യുമെർക് ഇന്ത്യ ഫൗണ്ടേഷന് ദേശീയ അംഗീകാരം

**കൊച്ചി:** പരിസ്ഥിതി സംരക്ഷണ രംഗത്തെ മികച്ച സംഭാവനകൾക്ക് ബ്യുമെർക് ഇന്ത്യ ഫൗണ്ടേഷന് ദേശീയ പുരസ്കാരം ലഭിച്ചു. പശ്ചിമഘട്ടത്തിലെ വനഭൂമികളിൽ നിന്ന് അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്തും തദ്ദേശീയ ജൈവവൈവിധ്യം പ്രോത്സാഹിപ്പിച്ചും പുനഃസ്ഥാപിക്കുന്നതിനുള്ള ഫൗണ്ടേഷന്റെ ശ്രദ്ധേയമായ ശ്രമങ്ങൾക്കാണ് 2025 ലെ കാലാവസ്ഥാ പ്രവർത്തനം & സുസ്ഥിരതാ പുരസ്കാരത്തിൽ ജൈവവൈവിധ്യ സംരക്ഷണ വിഭാഗത്തിലെ മികച്ച പദ്ധതിക്കുള്ള അവാർഡ് ലഭിച്ചത്.ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഒന്നായ ഭൂമിയിലെ ജീവൻ എന്ന ലക്ഷ്യവുമായി ചേർന്നുനിൽക്കുന്നതാണ് ഫൗണ്ടേഷന്റെ പശ്ചിമഘട്ട സംരക്ഷണ പദ്ധതി.എൻഎസ്ഡിസി ഇംപാക്ട് ഫിനാൻസ് വൈസ് പ്രസിഡന്റ് ശ്രീമതി വിനീത ജെയിൻ ബ്യുമെർക് ഇന്ത്യ ഫൗണ്ടേഷൻ പ്രതിനിധി ജോർജ്ജിന് പുരസ്കാരം സമ്മാനിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com